**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4755** **02-07-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യക്കുഞ്ഞുങ്ങളുടെ നിക്ഷേപം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിവിധ പാരിസ്ഥിതിക കാരണങ്ങളാൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്നതിനേക്കാൾ മത്സ്യങ്ങളുടെ അളവ് ഗണ്യമായി കുറഞ്ഞിട്ടുള്ളതിനാൽ, ഉൾനാടൻ മത്സ്യബന്ധന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനായി പുഴയിലും മറ്റു ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്ന മത്സ്യകുഞ്ഞുങ്ങളുടെ അളവ് കൂട്ടാനുള്ള നടപടി സ്വീകരിക്കുമോ; | (എ) | ഉൾനാടൻ മത്സ്യബന്ധന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനായും ഉൾനാടൻ മത്സ്യോൽപ്പാദന വർധനവിനായും ഫിഷറീസ് വകുപ്പ് മുഖേന പുഴയിലും മറ്റ് ജലസ്രോതസ്സുകളിലും മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു വരുന്നു. 'റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ്' പദ്ധതി പ്രകാരം റിസർവോയറുകൾ/ഡാമുകൾ, 'ഉൾനാടൻ ജല ആവാസ വ്യവസ്ഥ സംയോജിത മത്സ്യ വിഭവ പരിപാലനം' പദ്ധതി പ്രകാരം കായലുകളിലും അനുബന്ധ ജലാശയങ്ങളിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നു. ആയതിന്റെ ഭാഗമായി നടപ്പ് വർഷം 'റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ്' എന്ന 100 ലക്ഷം രൂപയുടെ പദ്ധതിക്കും 'ഉൾനാടൻ ജല ആവാസ വ്യവസ്ഥ സംയോജിത മത്സ്യ വിഭവ പരിപാലനം' എന്ന 400 ലക്ഷം രൂപയുടെ പദ്ധതിക്കും അംഗീകാരം ലഭിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിൽ ഉൾപ്പെടുത്തി പുഴകളിലും മറ്റു ജലാശയങ്ങളിലും മത്സ്യ കുഞ്ഞുങ്ങളുടെ നിക്ഷേപം നടത്തി വരുന്നു. |
| (ബി) | ഇത്തരത്തിൽ നിക്ഷേപിക്കുന്നത് ഏതെല്ലാം ഇനം മത്സ്യകുഞ്ഞുങ്ങളെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കാർപ്പ് മത്സ്യങ്ങൾ, കരിമീൻ, പൂമീൻ, തിരുത തുടങ്ങിയ ഓരുജലമത്സ്യങ്ങൾ, ചെമ്മീൻ, വരാൽ, മറ്റു തദ്ദേശീയ മത്സ്യ കുഞ്ഞുങ്ങളെയും ആണ് വിവിധ ജലാശയങ്ങളിലും, പമ്പ, പൊന്മുടി, മാട്ടുപെട്ടി, ഇരട്ടയാർ, ആനയിറങ്ങൾ, മീങ്കര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി, പെരിങ്ങൽക്കുത്ത്, മണിയാർ, ഷോളയാർ (Lower) എന്നീ 12 റിസർവോയർകളിലുമായി നിക്ഷേപിക്കുന്നത്.<br><br>കരിമീൻ, പൂമീൻ, തിരുത, കാർപ്പ്, ചെമ്മീൻ ഇനങ്ങളിലുള്ള മത്സ്യ കുഞ്ഞുങ്ങളെയാണ് വാമനപുരം, |

| | | | |
|---|---|---|---|
| | | | അഷ്ടമുടി, വേമ്പനാട്, ചേറ്റുവ, കടലുണ്ടി, കുറ്റ്യാടി, അഞ്ചരക്കണ്ടി എന്നീ ജലാശയങ്ങളിലും അനുബന്ധ ജലാശയങ്ങളിലുമായി നിക്ഷേപിക്കുന്നത്. |
| (സി) | ഇത്തരത്തിൽ നിക്ഷേപിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളിൽ കരിമീൻ പോലുള്ള തദ്ദേശീയ ഇനം മത്സ്യങ്ങളെ കൂടുതലായി ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നിലവിൽ പ്രാദേശിക ആവശ്യം കണക്കിലെടുത്ത് കാർപ്പ് മത്സ്യങ്ങളോടൊപ്പം കരിമീൻ ഉൾപ്പെടെയുള്ള തദ്ദേശീയ മത്സ്യങ്ങളെയും കൂടുതലായി ഉൾപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ